# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3946**.

**16-05-2017 ൽ മറുപടിയ്ക്ക്**

## ചേലക്കര നിയോജകമണ്ഡലത്തിലെ നെൽകൃഷി

**ചോദ്യം**
ശ്രീ.യു. ആർ. പ്രദീപ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചേലക്കര നിയോജകമണ്ഡലത്തിൽ പഴയന്നൂർ, വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ പരിധിയിൽ വരുന്ന കൃഷിഭവനുകൾക്ക് കീഴിൽ എത്ര ഏക്കർ നെൽകൃഷി ഭൂമിയുണ്ട്; കൃഷിഭവൻ തലത്തിൽ ഇതിന്റെ കണക്ക് വ്യക്തമാക്കാമോ; | (എ) | 8151.5 ഏക്കർ. കൃഷിഭവൻ തലത്തിൽ കണക്ക് ചുവടെ ചേർക്കുന്നു. |

| | കൃഷിഭവൻ | വിസ്തൃതി (ഏക്കർ) |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പഴയന്നൂർ | ചേലക്കര | 1625 |
| | കൊണ്ടാഴി | 1115 |
| | പാഞ്ഞാൾ | 1187.5 |
| | പഴയന്നൂർ | 1575 |
| | വള്ളത്തോൾ നഗർ | 425 |
| | തിരുവില്വാമല | 875 |
| | **ആകെ** | **6802.5** |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വടക്കാഞ്ചേരി | ദേശമംഗലം | 537 |
| | മുള്ളൂർക്കര | 312 |
| | വരവൂർ | 500 |
| | **ആകെ** | **1349** |

| | | | |
|---|---|---|---|
| (ബി) | ഇത്രയും കൃഷി ഭൂമിയിൽനിന്നും വർഷത്തിൽ ശരാശരി എത്ര ടൺ നെല്ല് ഉല്പാദിപ്പിയ്ക്കുന്നുണ്ട്; | (ബി) | വർഷത്തിൽ ശരാശരി 13042 ടൺ നെല്ല് ഉല്പാദിപ്പിയ്ക്കുന്നുണ്ട്. |
| (സി) | ഉല്പാദിപ്പിയ്ക്കുന്ന നെല്ല് കുത്തി അരിയാക്കി വിൽക്കുന്നതിന് എന്തെങ്കിലും സംവിധാനം ഇവിടെ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | നെല്ല് കുത്തി അരിയാക്കി വിൽക്കുന്നതിന് നിലവിൽ സംവിധാനമില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് കർഷകരിൽ നിന്നും സംഭരിച്ചു വരുന്നുണ്ട്. 2017-18 വർഷം പ്രാദേശിക നെല്ല് സംസ്കരണത്തിനായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ പദ്ധതി ഉൾപ്പെടുന്ന റൈസ് ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ